"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ സനിൽകുമാർ ജെ ജി, ഡെപ്യൂട്ടി ഡയറക്ടർ, ആരോഗ്യ വകുപ്പ് - അന്യത്ര സേവനത്തിന് ശേഷം മാതൃ വകുപ്പിൽ പുനഃപ്രവേശിപ്പിച്ച് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ ) വകുപ്പ്**

സ.ഉ.(സാധാ) നം.4/2025/H&FWD    തീയതി,തിരുവനന്തപുരം, 01-01-2025

---

പരാമർശം:-   1. സ.ഉ (സാധാ) നമ്പർ 3404/2023/ആകുവ തിയതി 29.12.2023

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 14.11.2024-ലെ ഡി .എച്ച് .എസ്/9004/2024-ഇ.ആർ1 നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ ഡോ.സനിൽകുമാർ ജെ ജി-യുടെ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിലെ സെക്രട്ടറി തസ്തികയിലെ അന്യത്രസേവനം 31-12-2024 ൽ തീയതിയിൽ അവസാനിക്കുന്നതിനാൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം (2) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ, ഡോ സനിൽകുമാർ ജെ ജി -ക്ക് അന്യത്രസേവനത്തിന് ശേഷം മാതൃ വകുപ്പിൽ തിരികെ പ്രവേശിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും അന്യത്രസേവനത്തിന് ശേഷം തിരികെ പ്രവേശിക്കുമ്പോൾ പേരൂർക്കട ജില്ലാ മാതൃക ആശുപത്രിയിൽ സൂപ്രണ്ടിന്റെ ഒഴിവിൽ നിയമനം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

അതോടൊപ്പം, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിൽ സെക്രട്ടറി തസ്തികയിൽ പുതിയ ഒരാളെ നിയമിക്കുന്നത് വരേയ്ക്ക് ഡോ.സനിൽകുമാർ ജെ ജി -ക്ക് ടി തസ്തികയുടെ പൂർണ അധിക ചുമതല കൂടി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം
സെക്രട്ടറി, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് , തിരുവനന്തപുരം
ഡോ സനിൽകുമാർ ജെ. ജി ,ഡെപ്യൂട്ടി ഡയറക്ടർ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ആരോഗ്യ ( കുടുംബക്ഷേമം എഫ് ഡബ്ല്യു ) വകുപ്പ്
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മേലെഴുത്തു കത്ത് നമ്പർ ആ .വ .ഡ/ / 2024-ഇ .ആർ1 02-01-2025

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർ നടപടിക്കുമായി ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു .

Signed by
Reena K J
Date: 02-01-2025 10:25:01

ആരോഗ്യവകുപ്പ് ഡയറക്ടർ